# N.N.N.M.UP SCHOOL CHETHALLUR

# അക്കാദമിക മാസ്റ്റർ പ്ലാൻ



# അടിസ്ഥാന വിവരങ്ങൾ

വിദ്യാലയത്തിന്റെ പേര് : എൻ എൻ എൻ എം യു പി സ്കൂൾ ചെത്തല്ലൂർ

വിലാസം : ചെത്തല്ലൂർ (പി ഒ), പാലക്കാട് ജില്ല

ഫോൺ നമ്പർ : 8281437263

സ്കൂൾ കോഡ് : 21890

ഉപജില്ല : മണ്ണാർക്കാട്

വിദ്യാഭ്യാസ ജില്ല : മണ്ണാർക്കാട്

റവന്യു ജില്ല : പാലക്കാട്

ബി ആർ സി : മണ്ണാർക്കാട്

സി ആർ സി : മാണിക്കപ്പറമ്പ്

ഗ്രാമപഞ്ചായത്ത് : തച്ചനാട്ടുകര

ബ്ലോക്ക് പഞ്ചായത്ത് : മണ്ണാർക്കാട്

ജില്ല പഞ്ചായത്ത് : പാലക്കാട്

വില്ലേജ് : ചെത്തല്ലൂർ

ഇ മെയിൽ : nnnmupschethallur@gmail.com

അദ്ധ്യായം 1

# ആമുഖം

പൊതു വിദ്യാഭ്യാസത്തിൻ്റെ ചുവടുപിടിച്ച് ഇന്ന് എല്ലാ എയ്ഡഡ്-ഗവൺമെൻ്റ് സ്കൂളുകളിലും മെച്ചപ്പെട്ട പ്രവർത്തനങ്ങളിലൂടെ മികവിൻ്റെ ചവിട്ടുപടികൾ കയറിക്കൊണ്ടിരിക്കുകയാണ്. ഓരോ വിദ്യാലയങ്ങൾ കേന്ദ്രീകരിച്ചും വിപുല മായ പ്രവർത്തനങ്ങളാണ് പൊതു വിദ്യാലയ സംരക്ഷണയജ്ഞവുമായി ബന്ധപ്പെട്ട് നടന്നു വരുന്നത്. ഓരോ പൊതു വിദ്യാലയവും തങ്ങളുടെ പ്രദേശത്തുള്ള എല്ലാ വിഭാഗത്തിൽപ്പെട്ട ജനങ്ങൾക്കും പ്രാപ്യവും സ്വീകാര്യവുമായി മാറേണ്ടതുണ്ട്. അദ്ധ്യാപക-രക്ഷാകർത്തൃ സമിതികൾ, പൂർവ്വവിദ്യാർത്ഥികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹായത്തോടെ വിദ്യാലയത്തിൻ്റെ സർവ്വതോന്മുഖമായ വികസനം പരിഗണിച്ച് ഒട്ടേറെ പ്രവർത്തനങ്ങൾ നമ്മുടെ വിദ്യാലയവും ഏറ്റെടുത്ത് ചെയ്തുവരുന്നു. അക്കാദിമകവും ഭൗതികവുമായ മികവുകൾ നേടിയെടുക്കുന്നതിന് വിദ്യാലയത്തിൻ്റെ നെടുംതൂണായ കുട്ടികളെ തിരിച്ചറിഞ്ഞ്, അവരുടെ സാമൂഹ്യ-സാമ്പത്തിക പാശ്ചാത്തലം കൂടി പരിഗണിച്ചുകൊണ്ട് മെച്ചപ്പെട്ട പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. ഇതിൻ്റെ ഭാഗമായാണ് പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ഇത്തരം ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കാൻ വിദ്യാലയ വികസനസമിതി തീരുമാനിച്ചത്.

## പൊതുവായ ലക്ഷ്യങ്ങൾ

ലോകോത്തര നിലവാരത്തിലേക്ക് വിദ്യാലയത്തെ ഉയർത്തുന്നതിന് ഓരോ കുട്ടിയുടെയും ശേഷികൾ, ധാരണകൾ, മനോഭാവങ്ങൾ, മൂല്യങ്ങൾ എന്നിവ യഥാസമയം നേടിയെടുക്കേണ്ടതുണ്ട്. അതു കൊണ്ടുതന്നെ ഈ പദ്ധതിക്ക് കൃത്യമായ ചില ലക്ഷ്യങ്ങൾ ഉണ്ട്.

- 1 മുതൽ 7 വരെയുള്ള ക്ലാസ്സുകളിലെ എല്ലാ കുട്ടികൾക്കും എല്ലാ മേഖലക ളിലും അനുഭവം ലഭിക്കുന്നതിനും സർഗ്ഗപരമായ കഴിവുകൾ പ്രകടിപ്പിക്കുന്ന തിനും അവസരമൊരുക്കും.
- അന്താരാഷ്ട്ര പഠന നിലവാരം ഉറപ്പുവരുത്തുന്നതിനുള്ള പഠനോപകരണ ങ്ങൾ, ഭൗതിക സൗകര്യങ്ങൾ എന്നിവ വിദ്യാലയത്തിൽ ഉറപ്പാക്കും.
- അദ്ധ്യപക ശാക്തീകരണ പദ്ധതികൾ ആസൂത്രണം ചെയ്യൽ
- കലാകായിക പ്രവൃത്തിപരിചയ മികവ് ഉറപ്പുവരുത്തുന്നതിനാവശ്യമായ ഭൗതി ക-മാനസിക-സാംസ്കാരിക സൗകര്യങ്ങൾ ഒരുക്കും
- ഗവേഷണാത്മകമായ പഠനത്തിനും ഗവേഷണാത്മകമായ അദ്ധ്യാപനത്തിനും ഉള്ള അവസരം ഒരുക്കും.
- പഠനത്തിൽ പിന്നോക്കക്കാരെ തുടക്കത്തിലെ കണ്ടെത്തി ആവശ്യമായ സഹായം പാഠ്യപദ്ധതിയുടെ സത്ത ഉൾക്കൊണ്ട് ലഭ്യമാക്കും.
- പഠനം ആകർഷകവും സർഗ്ഗാത്മകവും ആനന്ദദായകവും ആക്കുന്നതിൽ വിദ്യാലയത്തിൻ്റെ ഭൗതിക സൗകര്യങ്ങൾ വികസിപ്പിക്കും.

- സ്കൂൾ ലൈബ്രറി, ലാബററ്ററി എന്നിവ ആധുനികവൽക്കരിച്ച് പഠനപ്രക്രിയയുടെ ഭാഗമാക്കും.
- ലഘു പഠനയാത്രകൾ, പഠനക്ലാസ്സുകൾ, ശിൽപ്പശാലകൾ, വിദഗ്ധരുടെ ക്ലാസ്സുകൾ, സെമിനാറുകൾ, പ്രോജക്ടുകൾ തുടങ്ങിയ വൈവിധ്യമാർന്ന പഠനതന്ത്ര ങ്ങൾ പ്രയോജനപ്പെടുത്തും.
- കാർഷിക സംസ്ക്കാരം, പുതിയ തലമുറയിൽ വളർത്തി എടുക്കുക, മാലിന്യ നിർമ്മാർജ്ജനം എന്നിവ ഒരു സംസ്കാരമായി രൂപപ്പെടുത്തുക,
- മദ്യപാനം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം പുതിയ തലമുറയിൽ നിന്നും ഒഴിവാക്കാനാവുന്ന തരത്തിൽ ഇടപെടലുകൾ നടത്തും.
- പ്ലാസ്റ്റിക് വിമുക്ത ക്യാമ്പസ്സുകൾ സൃഷ്ടിക്കും
- ജൈവ വൈവിദ്ധ്യ ഉദ്യാനം' എന്ന ആശയം സ്കൂളിൽ നടപ്പാക്കും.
- പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിഗണന നൽകി മുഖ്യധാരയി ലെത്തിക്കും.
- വിദ്യാഭ്യാസത്തിൻ്റെ ജനകീയവൽക്കരണം സാധ്യമാക്കും.
- തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് അവസരമൊരുക്കും.
- കുട്ടികൾക്കായി ഗൈഡൻസ്, കൗൺസിലിംഗ് സൗകര്യങ്ങൾ ഒരുക്കും.
- സ്കൂൾ തലത്തിലെ വിവിധ സഹായ സംവിധാനങ്ങൾ അക്കാദമികവും ഭൗതീ കവും സാമൂഹികവുമായ വളർച്ചക്ക് ഉതകുംവിധം പ്രയോജനപ്പെടുത്തും.

## വിദ്യാലയ ചരിത്രം

ചെത്തല്ലൂർ ഗ്രാമത്തിൻ്റെ ഹൃദയഭാഗത്ത് പ്രവർത്തിക്കുന്ന നരിപ്പറ്റ നാരായണൻ നമ്പൂതിരി സ്മാരക യു.പി. സ്കൾ ആദ്യകാലഘട്ടങ്ങളിൽ ഒരു കുടിപ്പള്ളിക്കൂടമായിരു ന്നു ഇത്. ഇപ്പോൾ സ്കൂൾ നിൽക്കുന്ന സ്ഥലത്തുനിന്നും തെക്കു ഭാഗത്തായി കൂറ്റൻപാറ എന്ന സ്ഥലത്തായിരുന്നു കുടിപ്പള്ളിക്കൂടം ആരംഭിച്ചത്. ഇതിന്റെ സ്ഥാപ കരെക്കുറിച്ച് കൃത്യമായ ധാരണ ആർക്കുമില്ല. അക്കാലത്തുണ്ടായിരുന്ന നാട്ടാശാന്മാർ ആരെങ്കിലുമായിരിക്കും എന്നൂഹിക്കാം. ആധുനിക വിദ്യാഭ്യാസത്തിൻ്റെ പ്രചരണാർത്ഥം ഗ്രാമപ്രദേശങ്ങളിൽ എലിമെന്ററി സ്കൂളുകൾ (എൽ.പി. സ്കൂൾ) സ്ഥാപിച്ചതിൻ്റെ ഭാഗമായി താലൂക്ക് ബോർഡിന്റെ പ്രസിഡന്റ് ഒളപ്പമണ്ണ നമ്പൂതിരിപ്പാട് സ്കൂൾ ഏറ്റെടുക്കുകയും ബോർഡ് സ്കൂൾ എന്ന അറിയപ്പെടുകയും ചെയ്തു. കുട്ടികളുടെ വർദ്ധനവുമൂലം സ്ഥലം തികയാതെ വന്ന പ്പോൾ മൂസതിന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന സ്ഥലം ഏറ്റെടുത്ത് ഇപ്പോൾ കിഴക്കേ സ്കൂൾ നിലനിൽക്കുന്ന സ്ഥലത്ത് ഒരു സ്ഥിരം കെട്ടിടം നിർമ്മിച്ച് സ്കൂൾ അങ്ങോട്ട് മാറ്റുകയും ചെയ്തു. അന്നത്തെ ഹെഡ്മാസ്റ്ററും നടത്തിപ്പുകാരനുമായിരുന്ന ഒരു രാമനെഴുത്തച്ഛനാണ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത് അദ്ദേഹത്തിന്റെ മരണ ശേഷം സ്കൂൾ നടത്തിപ്പ് അവതാളത്തിലാവുകയും അടച്ചു പൂട്ടലിന്റെ വക്കത്ത് എത്തി ച്ചേരുകയും ചെയ്തു. നാട്ടുകാരുടെ ആവശ്യപ്രകാരം അത്തിപ്പറ്റമന പരമേശ്വരൻ നമ്പൂ തിരി അദ്ദേഹത്തിന്റെ ഭാര്യ കല്യാണി അമ്മയുടെ പേരിൽ സ്ഥലം വാങ്ങുകയും അതിൽ ഒരു പുതിയ കെട്ടിടം നിർമ്മിച്ച് സ്കൂൾ നിലനിർത്തുകയും ചെയ്തു. 1925-ൽ ആണ് ഇത് സംഭവിച്ചത്. എല്ലാ വിധ സൗകര്യങ്ങളുമുള്ള (1 മുതൽ 5 വരെ ക്ലാസ്സുകൾ) എലിമെന്ററി സ്കൂൾ ചെത്തല്ലൂരിൽ ഉണ്ടായി. ഈ സ്കൂളിലെ ചെത്തല്ലൂർ കാരനായ ഹെഡ്മാസ്റ്റർ ആയിരുന്നു കാരുതൊടി ആപ്പമാസ്റ്റർ. 1935-36 കാലഘട്ടം വരെ തൽസ്ഥിതി തുടർന്നു. പിന്നീട് കാറൽമണ്ണ കെ.എൻ.എസ്. നമ്പൂതിരിയുടെ പരിശ്ര മാർത്ഥം അദ്ദേഹത്തിൻ്റെ ആച്ഛൻ്റെ സ്മാരകമായി ഒരു ഹയർ എലിമെന്ററി സ്കൂൾ തുട ങ്ങി. 1938-ൽ ആണ് പ്രസ്തുത കെട്ടിടം പണി പൂർത്തിയാക്കി സ്കൂൾ പൂർണ്ണതോതിൽ പ്രവർത്തനമാരംഭിച്ചത്. 1948 ആയപ്പോഴേക്കും കെ.എൻ.എസ്-ന് കടബാദ്ധ്യതയും മറ്റും നിമിത്തം സ്കൂൾ പിന്നോക്കാവസ്ഥയിലാവുകയും ഊട്ടുവന്നു. 1971 വരെ കൃഷ്ണൻകുട്ടിഗുപ്തൻ ഹെഡ്മാസ്റ്ററും 1988 വരെ കൃഷ്ണൻ നമ്പൂ തിരി മാനേജരുമായിരുന്നു. കൃഷ്ണൻ നമ്പൂതിരിയുടെ മരണശേഷം അദ്ദേഹത്തിന്റെ മകന്റെ ഭാര്യയായ എ.എം. ശ്രീദേവി സ്കൂൾ ഏറ്റെടുത്തു. ഇന്ന് എ.എം. ശ്രീദേവി അവർകളുടെ നേതൃത്വത്തിൽ വിദ്യാലയത്തിൻ്റെ മേൽനോട്ടം നടത്തിവരുന്നു.

കലാ-സാംസ്കാരിക-സാഹിത്യ രംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ച ഒട്ടേറെ വ്യക്തിത്വങ്ങളെ വാർത്തെടുക്കുന്നതിൽ ഈ വിദ്യാലയത്തിൻ്റെ പങ്ക് ചെറുതല്ല. സാഹി ത്യരംഗത്ത് ഈ വിദ്യാലയത്തിൻ്റെ സംഭാവനകൾ ഏറെയാണ്. ശ്രീ കെ.ആർ. ചെത്ത ല്ലൂർ, എം.എം.ആർ. തുടങ്ങിയ എഴുത്തുകാരും, കലാമണ്ഡലം രുഗ്മിണി, ധന്യാദേവി, എന്നിവർ ഓട്ടൻതുള്ളൽ, കൂടിയാട്ടം എന്നിവയിൽ

പ്രഗൽഭരാണ്.ഇവർക്കു പുറമെ ആയുർവ്വേദ, അലോപ്പതി, ഹോമിയോപ്പതി ചികിത്സാരംഗത്ത് പ്രവർത്തിക്കുന്ന ഒട്ടേറെ പ്രതിഭകളെയും ഈ വിദ്യാലയം സംഭാവന ചെയ്തിട്ടുണ്ട്. സമീപ പ്രദേശങ്ങളിൽ വിദ്യാലയങ്ങളിൽ അദ്ധ്യപകരായി സേവനം ചെയ്യുന്നവർ, വിരമി ച്ചവർ, മറ്റു ഉയർന്ന തലങ്ങളിൽ ജോലി ചെയ്യുന്നവർ എന്നിങ്ങനെ എണ്ണിയാലൊടു ങ്ങാത്ത ഒരു ഉദ്യോഗസ്ഥ വൃന്ദത്തെ വാർത്തെടുക്കുന്നതിൽ വിദ്യാലയം മുൻനിരയിലാ

തികച്ചും ഗ്രാമപ്രദേശമായ ചെത്തല്ലൂരിലെ ജനങ്ങൾ അധികവും കർഷകരാണ്. വളരെ താഴ്ന്ന സാമ്പത്തിക നിലവാരവും നിരക്ഷരരായ ജനങ്ങളും മാത്രമായിരുന്നു ഈ ഗ്രാമത്തിലേത്. ഈ വിദ്യാലയത്തിൻറെ കടന്നു വരവ് ജനങ്ങളുടെ ജീവിത സാഹച ര്യങ്ങളിൽ കാര്യമായ മാറ്റങ്ങൾ ഉണ്ടാക്കി.

# വിദ്യാലയം മികവിൻ്റെ കേന്ദ്രം - കാഴ്ചപ്പാട്

- കുട്ടികളുടെ സാമ്പത്തിക-സാമൂഹ്യ സ്ഥിതിഗതികൾ മനസ്സിലാക്കിക്കൊണ്ട് അവ രുടെ അവകാശ സംരക്ഷണത്തിന് ഉതകും വിധം വൈവിധ്യമാർന്ന അനുഭവങ്ങൾ പങ്കുവെയ്ക്കുന്ന കേന്ദ്രമായി വിദ്യാലയം മാറേണ്ടതുണ്ട്.
- കുട്ടികളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കഴിയും വിധം വിവിധ ഘടകങ്ങളെ സ്കൂളുമായി അടുപ്പിക്കുക.
- അന്താരാഷ്ട്ര നിലവാരത്തോട് കിടപിടിക്കും വിധം എല്ലാ കുട്ടികളുടെയും ധാരണ കളും, ശേഷികളും, മൂല്യങ്ങളും, മനോഭാവങ്ങളും നേടിയെടുക്കാൻ സഹായിക്കുക.
- ഐ.സി.ടി. സാദ്ധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തി കുട്ടികൾക്ക് ഗുണമേൻമ വിദ്യാഭ്യാസം ലഭ്യമാക്കുക.
- വിദഗ്ധരായ അദ്ധ്യപകരുടെ സേവനം ലഭ്യമാക്കുന്നതോടൊപ്പം അദ്ധ്യപകരുടെ അക്കാദമികവും സാങ്കേതികവുമായ കഴിവുകൾ വർദ്ധിപ്പിച്ച് മെച്ചപ്പെട്ട വിദ്യാർത്ഥി സമൂഹത്തെ വാർത്തെടുക്കണം.
- പഠനവും ബോധനവും ആനന്ദകരമാക്കുക.
- കുട്ടികളുടെ സർഗ്ഗശേഷി വളർത്താൻ സാഹചര്യങ്ങളൊരുക്കുക.
- ഗവേഷണാത്മകമായ പഠനത്തിന് അവസരമൊരുക്കി നിരന്തരമൂല്യനിർണ്ണയം നടത്തി പരിമിതികളെ പരിഹരിച്ച് മുന്നേറുക.
- കുട്ടികളുടെ പഠന വേഗതയനുസരിച്ചുള്ള സാഹചര്യം വിദ്യാലയത്തിൽ ലഭ്യമാക്കു
- വിദ്യാലയത്തിന്റെ സമസ്ത മേഖലകളിലും ജനപങ്കാളിത്തം ഉറപ്പാക്കുക.
- സമ്പൂർണ്ണ ശുചിത്വം, പ്ലാസ്റ്റിക്ക് വിമുക്ത ക്യാമ്പസ് എന്നിവ സാദ്ധ്യമാക്കുക.
- കുട്ടികൾക്ക് കളിക്കാനും പഠിക്കാനും ആവശ്യമായ സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുക.

- വിദ്യാലയത്തിൽ ജൈവവൈവിദ്ധ്യ ഉദ്യാനം നിർമ്മിച്ച് വിദ്യാലയം ആകർഷകമാക്കു .
- വിദ്യാലയത്തിൽ നിന്നും 7-ാം ക്ലാസ്സ് പൂർത്തിയാക്കി പുറത്തിറങ്ങുന്ന ഓരോ കുട്ടിയും ഏതെങ്കിലും ഒരു തൊഴിൽ ചെയ്യാനുള്ള പരിശീലനം നൽകുക.
- ഭിന്നശേഷിയുള്ള കുട്ടികളുടെ വൈകല്യങ്ങളെ മറികടക്കാനുള്ള സംവിധാനങ്ങൾ വിദ്യാലയത്തിൽ തന്നെ ഒരുക്കുക.
- സ്കൂളിൽ നിന്നും പഠനം പൂർത്തിയാക്കി ഇറങ്ങുന്ന ഓരോ കുട്ടിയും കലാ-കായിക-സാഹിത്യ രംഗങ്ങളിൽ ഏതെങ്കിലും രംഗത്തെ പ്രതിഭകളാക്കുക.

| sl no | Name | PEN | Designation | Date Of Joining |
|---|---|---|---|---|
| 1 | SREEDEVI V | 557156 | HEADMASTER | 06/06/1994 ↩ |
| 2 | RADHA V | 557166 | U.P.S.T | 06-03-1996 |
| 3 | SHUHAIMA K | 776675 | U.P.S.T | 06-02-2014 |
| 4 | KRISHNAPRASAD A M | 781513 | U.P.S.T | 06-01-2015 |
| 5 | KAVITHA K C | | U.P.S.T | 06-01-2022 |
| 6 | MRIDULA T N | | U.P.S.T | 02/06/2025 ↩ |
| 7 | SREEDEVI P V | | Additional U.P.S Teacher (Head Teacher Vacancy) | 06-02-2025 |
| 8 | SUBHA A M | 557143 | Junior Language Teacher (Hindi) | 06-05-2000 |
| 9 | ABDULRAHMAN K | 557170 | Junior Language Teacher (Arabic) (UP) | 30/06/2008 |
| 10 | SANTHIKRISHNA M | 920347 | Junior Language Teacher (Sanskrit) | 15/07/2021 ↩ |
| 11 | SUDHA C K | 557159 | L.P.S.T | 06/07/1994 ↩ |
| 12 | LATHA A | | L.P.S.T | 11/10/2022 ↩ |
| 13 | RAJESWARI K P | 557173 | L.P.S.T | 10-01-1996 |
| 14 | HARIDAS KP | 666783 | L.P.S.T | 06-01-2011 |
| 15 | VIPIN A M | 920348 | L.P.S.T | 15/07/2021 |
| 16 | RAHULKRISHNAN M M | | L.P.S.T | 06-03-2024 |
| 17 | ABHINAV U S | | L.P.S.T | 06-02-2025 |
| 18 | AJAY S | | L.P.S.T | 06-02-2025 |
| 19 | SANDRA M VARIER | 953958 | Office Attendant | 03/01/2023 ↩ |
| 20 | SAJEESH V | | Office Attendant | 06-02-2025 |

## നിലവിലുള്ള കുട്ടികളുടെ എണ്ണം

- PRE PRIMARY - 43+31
- STD 1 – 26+29
- STD 2 – 19+22
- STD 3 – 28+22
- STD 4 – 18+25
- STD 5 – 28+30
- STD 6 – 27+35
- STD 7 – 25+23

# ഉച്ചഭക്ഷണം

ച്ചഭക്ഷണ കമ്മിറ്റിയുടെ നേതൃത്വത്തിൽ വളരെ സ്വാദിഷ്ടമായ ഭക്ഷണമാണ് കുട്ടികൾക്ക് ിതരണം ചെയ്യുന്നത്. ഓരോ ദിവസത്തിനും പ്രത്യേകം മെനു ഉച്ച ഭക്ഷണ കമ്മിറ്റിയുടെ തൃത്വത്തിൽ തയ്യാറാക്കുകയും അതിനനുസരിച്ചുള്ള പച്ചക്കറികൾ എത്തിക്കുന്നു. ുക്ക് കാളിദാസൻ്റെയും നേതൃത്വത്തിൽ രുചികരമായ ഭക്ഷണങ്ങളാണ് കുട്ടികൾക്ക് ൽകി വരുന്നത്. പാൽ, കോഴിമു ട്ട, പഴം എന്നിവയും നിർദ്ദേശിക്കപ്പെട്ട പ്രകാരം നൽകി രുന്നു.

# പദ്ധതി രൂപീകരണ പ്രക്രിയ

- സ്കൂൾ സപ്പോർട്ടിംഗ് ഗ്രൂപ്പിൽ പൊതുവിജ്ഞാന സംരക്ഷണയജ്ഞത്തിന്റെ ഭാഗമാ യുള്ള അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി കാര്യക്ഷമമായ ചർച്ച.
- വിദ്യാലയത്തെക്കുറിച്ച് ഓരോരുത്തർക്കുമുള്ള കാഴ്ചപ്പാടുകൾ പട്ടികപ്പെടുത്തൽ.
- ഈ കാഴ്ച്ചപ്പാടുകൾക്കനുസൃതമായി മികവുകളെ അക്കാദമികം, സാമൂഹികം, ഭൗതികം എന്നിങ്ങനെ തരം തിരിക്കൽ.
- കരടു രേഖ പഞ്ചായത്തു തലത്തിൽ ചർച്ച ചെയ്ത് കൂട്ടിച്ചേർക്കൽ
- എസ്.ആർ.ജി., ഒ.എസ്.എ., എസ്.ഡി.സി., പി.ടി.എ. എന്നിവയിൽ കരടുരേഖ അവത രിപ്പിക്കൽ.
- ശിൽപ്പശാലയിൽ ഉയർന്നുവന്ന ആശയങ്ങൾ കൂട്ടിച്ചേർക്കൽ.
- പി.ടി.എ.യുടെ സഹകരണത്തിൽ ക്രോഡീകൃത രൂപരേഖ തയ്യാറാക്കൽ

## മേഖല യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) അടിസ്ഥാന ഗണിത ക്രിയകൾ എല്ലാപഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | **ഗണിത ശിൽപശാല**<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർകാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ളാഷ് കാർഡ്,........ ഉപയോഗിക്കുന്നു.) | ജൂൺ മാസം | ഗണിത അധ്യാപകൻ | |
| 2) രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും. | **ഒറിഗാമി ശിൽപശാല**<br>ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 3) ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ. | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ. | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും | |
| 4) ഗണിതം മധുരമാക്കൽ | **ഗണിത പാർക്ക്**<br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ. | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | ഗണിത ക്ലബ്ബ്, പി.ടി.എ |
| 5) ഗണിത മേഖലയിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കൽ | **ഗണിത ഗ്രാമം**<br>ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ അഞ്ചോ ആറോ തവണ | ഗണിത അധ്യാപകർ, ക്ലബ്ബ് ലീഡർമാർ | പി.ടി.എ |
| 6) ആധുനീക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | **ഐ.ടി. സാധ്യതകളിലൂടെ**<br>ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതു പോലുള്ള പ്രവർത്തനങ്ങൾ ഐ.ടി. സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 7) ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | **ഗണിത ക്ലിനിക്ക്**<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകരും സമർഥരായ കുട്ടികളും | |
| 8) വിവിധ ശേഷികളുടെ വികസനം | **ദിനാചരണം**<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG | |

# മേഖല യു.പി. സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | **നിശാഗന്ധി-ജൈവവൈവിധ്യ പാർക്ക്**<br>ഔഷധത്തോട്ടം, പച്ചക്കറി തോട്ടം, ശലഭോദ്യാനം, കുളം, ജൈവവേലി, മുളകൾ കൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | പി.ടി.എ |
| | **കണ്ടറിയാനൊരു യാത്ര**<br>വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം, കാവുകൾ സന്ദർശനം, കണ്ടൽക്കാട് നിരീക്ഷണം, പുഴയെ അറിയാൻ യാത്രകൾ. | ജൂലൈ | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | രക്ഷിതാക്കൾ |
| | **പരീക്ഷണക്കളരി**<br>നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു. | ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| 2) ശാസ്ത്ര പ്രക്രിയാ ശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | **മാസ്റ്റർ മൈൻഡ്**<br>ഊർജ്ജ ക്ലബ്ബ്, ആരോഗ്യ ക്ലബ്ബ്, ശാസ്ത്ര ക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രൊജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| | **എക്സ്പ്ലോ-എക്സ്പ്ലോർ**<br>ആധുനിക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ്ബ് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | **ശാസ്ത്ര വിസ്മയ ചുമർ**<br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| | **മുഖാമുഖം**<br>ശാസ്ത്ര മേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്തി നൂതന ശാസ്ത്ര ആശയവുമായി ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിച്ച് പ്രബന്ധം തയ്യാറാക്കി അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ<br>സയൻസ് ക്ലബ്ബ് | പി ടി എ<br>സയൻസ് ക്ലബ്ബ് |
| | **യുറേക്കാ**<br>കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| 3) ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | **വിസ്മയ യാത്ര**<br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രസത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവ ചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| 4) പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണാത്മകത വർദ്ധിപ്പിക്കൽ | Atal Tinkering Laboralory പ്രയോജനപ്പെടുത്തി പ്രതിഭാശാലികൾക്ക് ഗവേഷണത്തിന് വഴിയൊരുക്കുന്നു. 3D പ്രൊജക്ടർ ഉപയോഗിച്ച് കുട്ടികൾക്ക് നേരിട്ട് കാണാൻ സാധ്യമല്ലാത്ത Fullerine പോലെയുള്ള മൂലകങ്ങളും, അവയുടെ ഐസോടോപ്പുകളും മറ്റും ത്രിമാന രൂപത്തിൽ കാണിച്ച് കൊടുക്കുന്നു.<br>ഇലക്ട്രോണിക്, റോബോട്ടിക് സാധ്യത ഉപയോഗിച്ച് ഉപകരണ നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 8) മൂന്നുവർഷത്തിനുള്ളിൽ ട്യൂഷൻ സംസ്കാരത്തിന് വിരാമം | സ്കൂൾ സിലബസിന് പുറമെ കുട്ടികൾക്ക് വേണ്ടുന്ന കൂടുതൽ അറിവ് ലഭ്യമാക്കുന്നതിന് വിദഗ്ധരിൽ നിന്നും പരിശീലനം. (ഗണിതം, സയൻസ് വിഷയങ്ങൾക്ക്) | അവധിക്കാലം | പി.ടി.എ, ഹെഡ്മിസ്ട്രസ് | രക്ഷിതാക്കൾ |

## മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയ സംവേദനം നടത്താനും പാണ്ഡിത്യം വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | **എന്റെ അവധിക്കാലം:** പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവ കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **ഭാഷാകേളി:** അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്:** അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമാണം. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| 2) പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക. | **വാർത്താലോകത്തേക്ക്:** പത്രം, ആഴ്ച്ചപതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാദിവസവും | മലയാളം അധ്യാപകർ | |

## മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | **വാർത്താവായന:** നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. | പ്രതിമാസം | മലയാളം ക്ലബ്ബ് | |
| | അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | വർഷത്തിൽ മൂന്നുപ്രാവശ്യം | മലയാളം ക്ലബ്ബ് | മലയാളം ക്ലബ്ബ് |
| 3) സാഹിത്യ കൃതികളോടും സാഹിത്യകാരന്മാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ | **സംവാദം/മുഖാമുഖം:** സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ട് പ്രാവശ്യം | ഹെഡ്മിസ്ട്രസ്, മലയാളം അധ്യാപകർ | പി.ടി.എ |
| 4) മലയാളം കമ്പ്യൂട്ടിംഗ് പരിജ്ഞാനം നേടി എടുക്കലും സർഗ്ഗാത്മകശേഷി വളർത്തലും. | **ഇ-കമ്പ്യൂട്ടറിംഗ്:** മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടിംഗ് പരിശീലിപ്പിക്കുകയും ഇ- മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. | രണ്ട് വർഷം | മലയാളം, ഐ.ടി. അധ്യാപകർ | മലയാളം ക്ലബ്ബ് |
| | മുഴുവൻ പഠിതാക്കളുടെയും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് കൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | വർഷാവസാനം | മലയാളം അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | **വാർത്താവായന:** ദൃശ്യമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. | പ്രതിദിനം | മലയാളം ക്ലബ്ബ് | |
| | അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | വർഷത്തിൽ മൂന്നുപ്രാവശ്യം | മലയാളം ക്ലബ്ബ് | മലയാളം ക്ലബ്ബ് |
| 3) സാഹിത്യ കൃതികളോടും സാഹിത്യകാരന്മാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ | **സംവാദം/മുഖാമുഖം:** സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ട് പ്രാവശ്യം | ഹെഡ്മിസ്ട്രസ് മലയാളം അധ്യാപകർ | പി ടി എ |
| 4) മലയാളം കമ്പ്യൂട്ടറിംഗ് പരിജ്ഞാനം നേടി എടുക്കലും സർഗ്ഗാത്മകശേഷി വളർത്തലും. | **ഇ-കമ്പ്യൂട്ടറിംഗ്:** മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിംഗ് പരിശീലിപ്പിക്കുകയും ഇ- മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. | രണ്ട് വർഷം | മലയാളം, ഐ ടി അധ്യാപകർ | മലയാളം ക്ലബ്ബ് |
| | മുഴുവൻ പഠിതാക്കളുടെയും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് കൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | വർഷാവസാനം | മലയാളം അധ്യാപകർ | |

## മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| 5) പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ. | **രംഗാവിഷ്കാരം:**<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘു നാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു.<br>വിദഗ്ധരായ നാടക കലാകാരന്മാരെയും മറ്റ് കലാകാരന്മാരെയും പങ്കെടുപ്പിച്ച് കൊണ്ട് ശില്പശാലകൾ നടത്തുന്നു. | അക്കാദമിക് വർഷം | പി.ടി.എ, സ്കൂൾ | പി.ടി.എ |
| 6) കുട്ടികളുടെ ആകാശവാണി സെന്റ് മേരീസ് എഫ് എം അവതരണ മികവ് | **സെന്റ് മേരീസ് എഫ് എം**<br>വിശേഷ ദിനങ്ങളും ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നു. വിവിധ രംഗങ്ങളിൽ മികവ് തെളിയിക്കുന്ന കുട്ടികളുമായുള്ള അഭിമുഖം നടത്തുന്നു. വായിച്ച പുസ്തകങ്ങളിൽ ഏറ്റവും മികച്ചതിന്റെ ആസ്വാദനം തയ്യാറാക്കി അവതരിപ്പിക്കുന്നു.<br>ഓരോ ആഴ്ചയിലെയും ഏറ്റവും പ്രധാനപ്പെട്ട വാർത്തകളുടെ അവതരണം നടത്തുന്നു. സ്കൂളിലെ പ്രധാനപ്പെട്ട സംഭവങ്ങൾ വാർത്തയായി അവതരിപ്പിക്കുന്നു. | തുടക്കത്തിൽ ആഴ്ച്ചയിൽ ഒന്ന്, പിന്നീട് എല്ലാദിവസവും | ക്ലാസ് ലീഡർമാർ, സ്കൂൾ ലീഡർ, മലയാളം അധ്യാപകർ | വിവിധ ക്ലബ്ബുകൾ, പി.ടി.എ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | **Meet the Foreigner** തനത് ഭാഷ സംസാരിക്കുന്ന വ്യക്തികളുമായി ആശയ വിനിമയം നടത്തുവാനുള്ള അവസരം ഒരുക്കുന്നു. | വർഷത്തിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ | |
| | **One Man Show** ആശയം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് പ്രോത്സാഹനം നൽകുന്നു. | ഒക്ടോബർ | ഇംഗ്ലീഷ് അധ്യാപകർ | |
| 2) ഭാഷാത്മക വായന പരിശീലിപ്പിക്കുന്നു | **I Too Can !!** വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു. തെറ്റുകൂടാതെ വായിക്കുവാൻ അവസരം നൽകുന്നു. ലളിതമായതിൽ നിന്നും സങ്കീർണ്ണമായതിലേക്ക് | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | |
| | **Leaning Ladder** പാഠഭാഗത്തിൽ നിന്നും തിരഞ്ഞെടുത്ത കുറച്ച് വാക്കുകൾ ചാർട്ടിലെഴുതി ക്ലാസിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു. മുഴുവൻ വാക്കുകളും ശരിയായി കണ്ടെത്തുന്നവർക്ക് പടിപടിയായി ഏണിയുടെ ഉയരങ്ങൾ കീഴടക്കാൻ സാധിക്കുകയും ഒളിഞ്ഞിരിക്കുന്ന സമ്മാനം ലഭിക്കുകയും ചെയ്യുന്നു. | സെപ്റ്റംബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | **F.M. Corner** വ്യത്യസ്തമായ കഥകൾ Reader's Theatre റേഡിയോ നാടക രൂപത്തിൽ അവതരിപ്പിക്കുവാനുള്ള അവസരം നൽകുന്നു. | ടേമിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ | |
| | **Reader of the Month** ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി. Reader of the Month നെ ആദരിക്കുന്നു. | മാസം തോറും | ഇംഗ്ലീഷ് അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 3) തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു. | **My Droplets** കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ മിനി ഡിക്ഷണറി എന്നിവ തയ്യാറാക്കുന്നു. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകൻ | |
| | **Alert Zone** സൂചന ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമുകളിലുമായി പ്രദർശിപ്പിക്കുന്നു. | ദിനാചരണങ്ങളിൽ | ഇംഗ്ലീഷ് അധ്യാപകൻ | |
| | **Run Baby Run** ക്ലാസിനെ ഗ്രൂപ്പുകളാക്കുന്നു. ചാർട്ടിലെഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരുപ്രാവശ്യം വായിച്ചതിനു ശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റുകൂടാതെ എഴുതുന്നു. ഏറ്റവും ആദ്യം വാക്യങ്ങൾ തെറ്റുകൂടാതെ എഴുതിയ ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു. | ഫെബ്രുവരി | ഇംഗ്ലീഷ് അധ്യാപകൻ | |
| | **Fun time Funda** കടംകഥകൾ, കുസൃതി ചോദ്യങ്ങൾ, ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു. | എല്ലാ ഇംഗ്ലീഷ് പിരീഡും | ഇംഗ്ലീഷ് അധ്യാപകൻ | |
| 4) ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു. | **The Grand Camp** ഇംഗ്ലീഷിൽ പ്രാവീണ്യമുള്ള രക്ഷിതാക്കളെയും സമൂഹത്തിലെ മറ്റ് വ്യക്തികളെയും ഉൾപ്പെടുത്തി ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിച്ച് ഒരു ഇംഗ്ലീഷ് ക്യാമ്പ് നടത്തുന്നു. 5,6,7 ക്ലാസിലെ കുട്ടികൾക്ക് വൈവിധ്യമാർന്ന പരിപാടികളുമായി മുന്നോട്ട് വരാൻ അവസരം ഒരുക്കുന്നു.<br>അഞ്ചാം ക്ലാസിനായി കഥപറയൽ, കഥയെഴുത്ത്<br>ആറിന് Role play നാടകം എന്നിവ പ്രച്ഛന്നവേഷരായി<br>ഏഴാം ക്ലാസിന് കവിതയുടെ പ്രസംഗം തുടങ്ങിയവ.<br>ക്യാമ്പിന് ഒടുവിൽ ഡോക്യുമെന്ററി /ഫിലിം ഷോ | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകർ, പി.ടി.എ. ഭാരവാഹികൾ, രക്ഷിതാക്കൾ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 3) തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു. | My Droplets കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ മിനി ഡിക്ഷണറി എന്നിവ തയ്യാറാക്കുന്നു. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകൻ | |
| | Alert Zone സൂചന ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമുകളിലുമായി പ്രദർശിപ്പിക്കുന്നു. | ദിനാചരണങ്ങളിൽ | ഇംഗ്ലീഷ് അധ്യാപകൻ | |
| | Run Baby Run ക്ലാസിനെ ഗ്രൂപ്പുകളാക്കുന്നു. ചാർട്ടിലെഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരുപ്രാവശ്യം വായിച്ചതിനു ശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റുകൂടാതെ എഴുതുന്നു. ഏറ്റവും ആദ്യം വാക്യങ്ങൾ തെറ്റുകൂടാതെ എഴുതിയ ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു. | ഫെബ്രുവരി | ഇംഗ്ലീഷ് അധ്യാപകൻ | |
| | Fun time Funda കടംകഥകൾ, കുസൃതി ചോദ്യങ്ങൾ, ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു. | എല്ലാ ഇംഗ്ലീഷ് പിരീഡും | ഇംഗ്ലീഷ് അധ്യാപകൻ | |
| 4) ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു. | The Grand Camp ഇംഗ്ലീഷിൽ പ്രാവീണ്യമുള്ള രക്ഷിതാക്കളെയും സമൂഹത്തിലെ മറ്റ് വ്യക്തികളെയും ഉൾപ്പെടുത്തി ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിച്ച് ഒരു ഇംഗ്ലീഷ് ക്യാമ്പ് നടത്തുന്നു. 5,6,7 ക്ലാസിലെ കുട്ടികൾക്ക് വൈവിധ്യമാർന്ന പരിപാടികളുമായി മുന്നോട്ട് വരാൻ അവസരം ഒരുക്കുന്നു.<br>അഞ്ചാം ക്ലാസിനായി കഥപറയൽ, കഥയെഴുത്ത്<br>ആറിന് Role play നാടകം എന്നിവ പ്രച്ഛന്നവേഷരായി<br>ഏഴാം ക്ലാസിന് കവിതയുടെ പ്രസംഗം തുടങ്ങിയവ.<br>ക്യാമ്പിന് ഒടുവിൽ ഡോക്യുമെന്ററി /ഫിലിം ഷോ | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകർ, പി.ടി.എ. ഭാരവാഹികൾ, രക്ഷിതാക്കൾ | |

## സംസ്കൃതം

## അക്കാദമിക്ക് മാസ്റ്റർപ്ലാൻ

## ക്ലാസ് - 5, 6, 7

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | പിന്തുണ |
|---|---|---|---|---|
| 1. ഇന്ത്യയിലെ ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് സംസ്കൃതം<br>UP തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ . | 1.ഭാഷ ജ്ഞാനം<br>• അക്ഷരം എഴുത്ത്.<br>• ചിഹ്നം ഉറപ്പിക്കൽ .<br>• അക്ഷര കാർഡ് .<br>• വാക്കുകൾ എഴുതിയ കാർഡ്.<br>• ക്ലാസിൽ അക്ഷരമാല പ്രദർശനം.<br>• അക്ഷരമാല കളികൾ .<br>• അക്ഷരമരം നിർമ്മിക്കൽ .<br>• കാർട്ടൂൺ പ്രദർശനം.<br>• പാട്ടുകളും കഥകളും കേൾപ്പിക്കുക. | ജൂൺ - ഓഗസ്റ്റ് . | അക്ഷര ചാർട്ട്<br>പാഠപുസ്തകം<br>ICT | PTA<br>റിസോഴ്സ് അധ്യാപിക |
| | 2. പറയാം പഠിക്കാം.<br>• ചിത്രങ്ങളുടെ പേര് പറയൽ. | | | |

| | | | | |
|---|---|---|---|---|
| | • ചിത്രകഥകൾ .<br>• ലഘു സംഭാഷണങ്ങൾ നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന സംസ്കൃതപദങ്ങൾ | ജൂൺ -ജൂലൈ | സംസ്കൃത കഥാപുസ്തകം.<br>ICT | റിസോഴ്സ് അധ്യാപിക. |
| 2. വീട് ഒരു പരീക്ഷണശാല.<br>[കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പഠിക്കുക. ] | • വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കുക.<br>• ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം. | സെപ്റ്റംബർ - ഒക്ടോബർ . | സംസ്കൃതം നിഘണ്ടു. | |
| 3. വായനാലോകം .<br>[ കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ . ] | • തിരഞ്ഞെടുത്ത ലളിതമായ പുസ്തക ശേഖരണത്തിലൂടെ സംസ്കൃത ലൈബ്രറി സജ്ജീകരിക്കുക.<br>• ഓരോ സംസ്കൃതം പീരിയഡിലും ആദ്യത്തെ അഞ്ച് മിനിറ്റിൽ ഒരു കുട്ടി ഒരു പുസ്തകത്തിൻറെ പേജ് ഉറക്കെ വായിക്കുക .<br>• വായിച്ച പുസ്തകങ്ങൾ രേഖപ്പെടുത്തുക .<br>• കൂടുതൽ പുസ്തകങ്ങൾ വായിച്ച കുട്ടിയെ അസംബ്ലിയിൽ അനുമോദിക്കുക. | 6മാസം . | ക്ലാസ് ലൈബ്രറി . | റിസോഴ്സ് അധ്യാപിക. |

| | | | | |
|---|---|---|---|---|
| [illegible] വളർത്തുന്ന സംസ്കൃതഭാഷാ പഠന തന്ത്രങ്ങൾ . | • [illegible]<br>• [illegible] നിർമ്മാണം .<br>• കലണ്ടർ നിർമ്മാണം .<br>• ഗൃഹ സന്ദർശനം.<br>• പഠനയാത്ര . | ജൂൺ - മാർച്ച് | ചാർട്ട് ചിത്രം | റിസോഴ്സ് അധ്യാപിക |
| 5 ടേം പരീക്ഷകൾക്ക് തയ്യാറാക്കൽ. | • ആനുകാലികങ്ങൾ വായിക്കാൻ നൽകുന്നു.<br>• എല്ലാ മാസവും ക്വിസ് മത്സരം നടത്തുന്നു.<br>• മാതൃകാ ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നു. | ജൂൺ - മാർച്ച് | ക്ലാസ് റൂം | റിസോഴ്സ് അധ്യാപിക |
| 6. <u>ആസ്വാദന ശേഷി.</u><br>ഓരോ കുട്ടിയുടെയും ആസ്വാദനശേഷി വർദ്ധിപ്പിക്കുവാനും സ്വഭാവം നിരൂപണം ചെയ്യാനും വേണ്ടി . | • നാടകം കൂത്ത് തുടങ്ങിയവയുടെ വീഡിയോ കാണുന്നതിന് അവസരം നൽകുന്നു.<br>• ഒന്നും പറയാനും കഴിവുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് അവസരം നൽകൽ.<br>• മാസത്തിൽ ഒരുതവണ | 5 മാസം | സംസ്കൃത ക്ലാസ്റൂം | റിസോഴ്സ് അധ്യാപിക |

| | | | | | |
|---|---|---|---|---|---|
| | | ആസ്വാദനസഭ ചേരുന്നു.<br>ഒരിക്കൽ അവതരിപ്പിച്ച കുട്ടി അടുത്ത സഭയിൽ ആസ്വാദകൻ ആകണം. | | | |
| 7.പ്രത്യേകം പരിഗണന അർഹിക്കുന്നവർക്കായുള്ള പ്രവർത്തനങ്ങൾ . | | • പ്രത്യേകം പരിഗണന അർഹിക്കുന്നവർക്ക് ഉപകാരപ്രദമായ പഠനോപകരണങ്ങൾ നിർമ്മിക്കുന്നു.<br>• പ്രത്യേകം ക്ലാസുകൾ നൽകുന്നു.<br>• ഗൃഹസന്ദർശനം നടത്തുന്നു. | ജൂൺ - മാർച്ച് | ക്ലാസ് റൂം. | റിസോഴ്സ് അധ്യാപിക |
| 8.ക്ലാസ് റൂം ആകർഷകവും ആക്കുന്നതിന് . | | • പെയിന്റിംഗ്<br>• ലൈബ്രറി ഒരുക്കുന്നു.<br>• സൗകര്യ പ്രദമായ ഇരിപ്പിടം ഒരുക്കുന്നു. | | | |

NNNMUPS CHETHALLUR

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26 UP

## ARABIC

| A | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ഭൗതികം | സാമ്പത്തികം |
|---|---|---|---|---|---|
| 1 | അറബികമ മധുരം അറബിക് ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ പരിപോഷിപ്പിക്കുവാനുള്ള പരിപാടി | ◊ എഴുത്ത്, വായന<br>◊ ടെസ്റ്റ് നടത്തി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുന്നു.<br>◊ അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം ഉള്ള കുട്ടികൾക്ക് അക്ഷര കാർഡുകൾ നൽകുന്നു.<br>◊ എഴുത്തും വായനയുംപരിപോഷിപ്പിക്കൽ. | ജൂൺ<br>ആഗസ്റ്റ് | അക്ഷര കാർഡുകൾ, ചാർട്ടുകൾ, IT | BRC<br>PTA |
| 2 | അറബി ഭാഷാ ശേഷി വർദ്ധിപ്പിക്കുക, പദസമ്പത്ത് അധികരിപ്പിക്കുക. | 'ഒരു ദിനം ഒരു വാക്ക്' എന്ന പ്രവർത്തനം ക്ലാസിലും വാട്സ് ആപ്പ് ഗ്രൂപ്പിലും കൊടുക്കുന്നു. അത് നോട്ടുപുസ്തകത്തിൽ എഴുതുവാൻ ആവശ്യപ്പടലും അർത്ഥം പഠിപ്പിക്കലും. | ജൂൺ<br>മാർച്ച് | ചാർട്ടുകൾ | PTA |
| 3 | കുട്ടികളുടെ സർഗാത്മകശേഷി വർദ്ധിപ്പിക്കുക. | ◊ ചിത്രങ്ങൾ, ലഘുകവിതകൾ, കഥകൾ, സംഭാഷണം, കുറിപ്പുകൾ, വിവരണം എന്നിവ ഉൾക്കൊള്ളുന്ന കൈയ്യെഴുത്ത്<br>◊ മാഗസിനുകൾ തയ്യാറാക്കുന്നു. വിവിധ കലാ മത്സരങ്ങൾ നടത്തുന്നു. | ഒക്ടോബർ<br>മാർച്ച് | ചാർട്ടുകൾ അറബിക് സാഹിത്യ ശേഖരങ്ങൾ | PTA<br>BRC |
| | ലോകഭാഷകളിൽ മൂന്നാം സ്ഥാനത്ത് നിൽക്കുന്ന അറബി ഭാഷ പഠിക്കാനും സംസാരിക്കാനുമുള്ള കഴിവ് കുട്ടികളിൽ വികസിപ്പിക്കുക. | ◊ എല്ലാ ദിവസവുമുള്ള അറബിക് പത്രവായന പ്രോത്സാഹിപ്പിക്കുക.<br>◊ അറബിക് അസംബ്ലി<br>◊ ക്ലാസിൽ അറബിക് സംസാരിക്കുന്ന രീതി പിന്തുടരുക. | ജൂൺ<br>മാർച്ച് | പത്രം | SMC |
| | വ്യത്യസ്ത ദിനങ്ങളെ കുറിച്ചുള്ള ബോധവൽക്കരണം | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പ്ലക്കാർഡുകൾ ഉണ്ടാക്കുകയും ക്വിസ് മത്സരം സംഘടിപ്പിക്കുകയും ചെയ്യുക. | ജൂൺ<br>മാർച്ച് | ചാർട്ടുകൾ കാർഡ്ബോർഡ് | PTA |

# ACADEMIC MASTERPLAN

# HINDI

# 2025-26

# മേഖല : അക്കാദമികം ഉപമേഖല : ഹിന്ദി ഭാഷ

സ്കൂൾ തലം

| നമ്പർ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ക്ലാസ്സ് | ചുമതല | ലക്ഷ്യം |
|---|---|---|---|---|---|
| 1 | ലഹരി ഉപയോഗത്തിനെതിരെ അവബോധം സൃഷ്ടിക്കാൻ പോസ്റ്ററുകൾ | ജൂൺ 3 | 6,7 | ഹിന്ദി അധ്യാപകർ , ഹിന്ദി ക്ലബ് | ലഹരി ഉപയോഗത്തിനെതിരെ പ്രവർത്തിക്കാൻ കുട്ടികളെ തല്പരരാക്കുന്നു. |
| 2 | റോഡിലൂടെ സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ /സ്കൂൾ വാഹന സഞ്ചാരം അറിയേണ്ട കാര്യങ്ങൾ ,ട്രാഫിക് നിയമങ്ങൾ എന്നിവയെക്കുറിച്ചു അറിവുകൾ നൽകുന്നു. | ജൂൺ 4 | 6,7 | ഹിന്ദി അധ്യാപകർ, മറ്റു ഭാഷാധ്യാപകർ, ഹിന്ദി ക്ലബ് | റോഡിലൂടെ സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ /സ്കൂൾ വാഹന സഞ്ചാരം അറിയേണ്ട കാര്യങ്ങൾ ,ട്രാഫിക് നിയമങ്ങൾ എന്നിവയെക്കുറി |

| | | | | | |
|---|---|---|---|---|---|
| | | | | | ച്ചു അറിവുകൾ ഹിന്ദി ഭാഷയിലൂടെ നൽകുന്നു. പദസമ്പത്തു വർധിപ്പിക്കാൻ ഇതിലൂടെ സാധിക്കുന്നു. |
| 3 | പരിസ്ഥിതി ദിനം | ജൂൺ 5 | 6,7 | ഹിന്ദി അധ്യാപകർ , ഹിന്ദി ക്ലബ് | വ്യക്തി ശുചിത്വം, പരിസര ശുചിത്വം , ഹരിത ക്യാമ്പസ് , സ്കൂൾ സൗന്ദര്യവൽക്കരണം എന്നിവയുടെ ആവശ്യകതയെക്കുറിച്ചു മനസ്സിലാക്കുന്നു |
| 4 | വായനാദിനം, അഞ്ചാം ക്ലാസ്സിലെ ഹിന്ദി ക്ലബ് രൂപീകരണം | ജൂൺ 19 | 5,6,7 | ഹിന്ദി അധ്യാപകർ, ഹിന്ദി | |

| | | | | | |
|---|---|---|---|---|---|
| | | | | ക്ലബ് | |
| 5 | ലഹരിവിരുദ്ധ ദിനം ,ലഹരി ഉപയോഗത്തിനെതിരെ അവബോധം സൃഷ്ടിക്കാൻ കവിത | ജൂൺ 26 | 5,6,7 | ഹിന്ദി അധ്യാപകർ , ഹിന്ദി ക്ലബ് | ലഹരി ഉപയോഗത്തിനെതിരെ പ്രവർത്തിക്കാൻ കുട്ടികളെ തല്പരരാക്കുന്നു. |
| 6 | പ്രേംചന്ദ് ജയന്തി. | ജൂലൈ 31 | 5,6,7 | ഹിന്ദി അധ്യാപകർ | പ്രേംചന്ദിനെക്കുറിച്ചു അറിയാനും ഹിന്ദി ഭാഷയിൽ രചനകൾ സൃഷ്ടിക്കാൻ തല്പരരാക്കാനും ജീവിത വിജയത്തിന് പ്രതിസന്ധികൾ തടസ്സമല്ലെന്ന് ബോധ്യപ്പെടുത്താനും കഴിയുന്നു. |
| | | സെപ്റ്റം | 5,6 | | ഹിന്ദി |

| | | | | | |
|---|---|---|---|---|---|
| | | | | ക്ലബ് | |
| 5 | ലഹരിവിരുദ്ധ ദിനം .ലഹരി ഉപയോഗത്തിനെതിരെ അവബോധം സൃഷ്ടിക്കാൻ കവിത | ജൂൺ 26 | 5,6 ,7 | ഹിന്ദി അധ്യാപകർ , ഹിന്ദി ക്ലബ് | ലഹരി ഉപയോഗത്തിനെതിരെ പ്രവർത്തിക്കാൻ കുട്ടികളെ തല്പരരാക്കുന്നു. |
| 6 | പ്രേംചന്ദ് ജയന്തി. | ജൂലൈ 31 | 5,6 ,7 | ഹിന്ദി അധ്യാപകർ | പ്രേംചന്ദിനെക്കുറിച്ചു അറിയാനും ഹിന്ദി ഭാഷയിൽ രചനകൾ സൃഷ്ടിക്കാൻ തല്പരരാക്കാനും ജീവിത വിജയത്തിന് പ്രതിസന്ധികൾ തടസ്സമല്ലെന്ന് ബോധ്യപ്പെടുത്താനും കഴിയുന്നു. |
| | | സെപ്റ്റം | 5,6 | | ഹിന്ദി |

| | | | | | |
|---|---|---|---|---|---|
| 7 | കുട്ടികളെക്കൊണ്ട് ഹിന്ദി പത്രിക തയ്യാറാക്കുക. | ബർ14 | ,7 | ഹിന്ദി അധ്യാപകർ | ഭാഷയുടെ പ്രാധാന്യവും ആവശ്യവും മനസിലാക്കുന്നു |
| 8 | ഗാന്ധിജയന്തി | ഒക്ടോബർ 2 | 5,6,7 | ഹിന്ദി അധ്യാപകർ, ക്ലാസ്സ് അധ്യാപകർ, മറ്റു അധ്യാപകർ, PTA,രക്ഷിതാക്കൾ , ഹിന്ദി ക്ലബ് | സ്കൂൾ പരിസരം വൃത്തിയാക്കുന്നു. |
